"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ്
&കറക്ഷണൽ
സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം

പൂജപ്പുര, തിരുവനന്തപുരം-12

0471-2342532
keralaprisons@gov.in

**സർക്കുലർ നം - 02/2025 (KPCS/315/2025-WP1 )**

ജയിലാസ്ഥാന കാര്യാലയത്തിലെ വിവിധ സെക്ഷനുകളിലെ സീറ്റുകളിൽ ലഭ്യമാകുന്ന തപാലുകളിൽ ബന്ധപ്പെട്ട സീറ്റ് ക്ലർക്കുമാർ സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ബന്ധപ്പെട്ട സീറ്റ് ക്ലർക്കുമാർ അവരുടെ സീറ്റുകളിൽ ലഭിക്കുന്ന തപാലുകൾ യഥാസമയം ഉന്നത ഉദ്യോഗസ്ഥരുടെ ഉത്തരവിനായി ഫയൽ മുഖേന സമർപ്പിക്കാതിരിക്കുന്നത് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, ബഹു.കോടതികൾ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഓർമ്മക്കുറിപ്പുകൾ വരുന്നതിനും മറ്റ് വിശദീകരണങ്ങൾ നൽകേണ്ടി വരുന്നതിനും കാരണമാകുന്നുണ്ട്.

മേൽ സാഹചര്യത്തിൽ ഓരോ സീറ്റുകളിലും ലഭിക്കുന്ന തപാലുകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട സീറ്റ് ക്ലർക്കുമാർ ശ്രദ്ധിക്കേണ്ടതാണ്. സീറ്റുകളിൽ ലഭിക്കുന്ന തപാലുകൾ ഓരോ ദിവസവും പരിശോധിച്ച് അടിയന്തിര സ്വഭാവം കണക്കാക്കി യഥാസമയം ഉത്തരവിനായി സമർപ്പിക്കേണ്ടതാണ്. ഓരോ മാസവും തങ്ങളുടെ സീറ്റുകളിലെ പെന്റിങ് തപാലുകൾ, ഫയലുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് പെന്റിങ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും പ്രസ്തുത വിവരം സെക്ഷൻ സൂപ്രണ്ടിനും ഉയർന്ന ഉദ്യോഗസ്ഥർക്കും പരിശോധനയ്ക്കായി നൽകേണ്ടതുമാണ്.

കോടതി സംബന്ധമായതും സർക്കാർ സംബന്ധമായതുമായ തപാലുകൾ / ഫയലുകൾ യഥാസമയം അടിയന്തിര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ടതും ടി ഫയലുകളിന്മേൽ കൃത്യമായി ഫോളോ അപ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Signed by
M K Vinodkumar
Date: 19-02-2025 17:42:21

Vinod Kumar M K
DEPUTY INSPECTOR GENERAL

എല്ലാ ജീവനക്കാർക്കും

പകർപ്പ് :- ഓഫീസ് കോപ്പി/കരുതൽ ഫയൽ